


# തേൻതുള്ളികൾ

## SKMHSS KUMARAKOM DIGITAL MAGAZINE

# ദൈവദശകം



ദൈവമേ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളേ;
നാവികൻ നീ ഭവാബ്ധിക്കോ-
രാവിവൻതോണി നിൻപദം.

ഒന്നൊന്നായെണ്ണിയെണ്ണി ത്തൊ-
ട്ടെണ്ണം പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണം.

അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ.

ആഴിയും തിരയും കാറ്റും-
ആഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം.

നീയല്ലോ സൃഷ്ടിയും സ്രഷ്ടാ-
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ,സൃഷ്ടി-
യ്ക്കുള്ള സാമഗ്രിയായതും

നീയല്ലോ മായയും മായാ-
വിയും മായാവിനോദനും
നീയല്ലോ മായയെനീക്കി -
സ്സായൂജ്യം നൽകുമാര്യനും.

നീ സത്യം ജ്ഞാനമാനന്ദം
നീ തന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്കിൽ നീ.

അകവും പുറവും തിങ്ങും
മഹിമാവാർന്ന നിൻ പദം
പുകഴ്ത്തുന്നൂ ഞങ്ങളങ്ങു
ഭഗവാനേ, ജയിക്കുക.

ജയിക്കുക മഹാദേവ,
ദീനവന പരായണാ,
ജയിക്കുക ചിദാനന്ദ,
ദയാസിന്ധോ ജയിക്കുക.

ആഴമേറും നിൻ മഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം




School Code: 33053 UDISE: 32100700308

*SKMHSS KUMARAKOM*
*KUMARAKOM PO*
*KOTTAYAM*
*PIN-686563*



**ശ്രീനാരായണ ഗുരുദേവന്റെ പാദസ്പർശത്താൽ പരിപാവനമായ കുമരകം ശ്രീകുമാരമംഗലം ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ "തേൻ തുള്ളികൾ" എന്ന പേരിൽ കുട്ടികളുടെയും അധ്യാപകരുടെയും സൃഷ്ടികളും സ്‌കൂൾ പ്രവർത്തനങ്ങളും കോർത്തിണക്കി പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് ആശംസകൾ നേരുന്നു. ഇതിനു വേണ്ട എല്ലാ പിന്തുണയും സ്‌കൂൾ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും ഉറപ്പുതരുന്നു.**

എ കെ ജയപ്രകാശ്
മാനേജർ
എസ് കെ എം എച്ച് എച്ച് എസ് എസ്
കുമരകം



സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം "തേൻ തുള്ളികൾ" എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ കൊണ്ട് എന്നും നമ്മുടെ ലിറ്റിൽ കൈറ്റ്സ് ക്ളബ്ബ് മുന്നിട്ട് നിൽക്കുന്നു. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന അധ്യാപകർക്ക് അഭിനന്ദനങ്ങൾ. എല്ലാ വിധ ആശംസകളും നേരുന്നു.

കെ പി ആനന്ദക്കുട്ടൻ
സെക്രട്ടറി
എസ് കെ എം ദേവസ്വം
കുമരകം



എസ് കെ എം എച്ച് എസ് എസ് ലിറ്റിൽ
കൈറ്റ്സ് ക്ലബ്ബ് ഈ വർഷം പ്രസിദ്ധീകരിക്കുന്ന
ഡിജിറ്റൽ മാഗസിൻ "തേൻതുള്ളികൾ " ക്ക്
എല്ലാ വിധ ആശംസകളും നേരുന്നു.

കുമരകം
01.- 02-2024

ഇന്ദു കെ എം
ഹെഡ് മിസ്ട്രസ്

# ഉള്ളടക്കം


1. സ്കൂൾ പ്രവർത്തന റിപ്പോർട്ട് 1 –35

2. മൽസ്യസമ്പത് വർദ്ധിക്കുന്നതെങ്ങനെ 36

[illegible] [illegible]

[illegible] [illegible]-[illegible]

[illegible] [illegible]

[illegible] സംസ്കൃത ഭാഷാപഠനത്തിന്റെ പ്രസക്തി [illegible]

[illegible] हिंदी दिन का महत्व [illegible]3

[illegible] [illegible]4

[illegible] [illegible]5

10.UPAHARA SAMARPPANAM 45

11.WILLIAM SHAKSPHERE 46

12.വിശ്വ പ്രസിദ്ധമായ ബാല സാഹിത്യ പുസ്തകങ്ങൾ 47

# സ്കൂൾ പ്രവർത്തന റിപ്പോർട്ട് 2023-24

## അക്കാദമിക പ്രവർത്തനങ്ങൾ

31/5/2023 ചൊവ്വാഴ്ച 2023 24 അധ്യയന വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാനും പ്രവേശനോത്സവവും മികവുത്സവവും സ്കൂൾ അക്കാദമിക കലണ്ടറും മറ്റും ചർച്ച ചെയ്യുന്നതിനായി മാനേജ്മെൻറ് പിടിഎ, സ്റ്റാഫ് എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ വിപുലമായ ഒരു യോഗം ചേർന്നു. അന്നുതന്നെ യുപി ഹൈസ്കൂൾ എസ് ആർ ജി കൺവീനർമാരെ തിരഞ്ഞെടുത്ത് പ്രത്യേകം പ്രത്യേകം യോഗം ചേർന്ന് ഈ വർഷത്തെ പ്രവർത്തന കലണ്ടർ രൂപീകരിച്ചു.

ജൂൺ 1 രാവിലെ 10 മണിക്ക് പ്രവേശനോത്സവം ഉത്സവലഹരിയിൽ ആഘോഷിച്ചു. എസ്.പി.സി കുട്ടികളുടെ നേതൃത്വത്തിൽ പുതുതായി സ്കൂളിൽ അഡ്മിഷൻ എടുത്ത മുഴുവൻ വിദ്യാർത്ഥികളെയും മധുരം നൽകി സ്വീകരിക്കുകയും സ്കൂൾ പരിചയപ്പെടുത്തുകയും ചെയ്തു.




2023 മാർച്ച് എസ്എസ്എൽസി പരീക്ഷയ്ക്ക് **100%** വിജയം നേടിയതിന്റെയും 190 വിദ്യാർത്ഥികൾ എഴുതിയതിൽ 29 പേർക്ക് എല്ലാ വിഷയത്തിനും എ പ്ലസ് കിട്ടിയതിന്റെയും വിജയോത്സവം ഉച്ചയ്ക്ക് ശേഷം വമ്പിച്ച പരിപാടികളോടെ ആഘോഷിച്ചു.

കുട്ടികളുടെ ഉന്നത വിജയത്തിൽ മാനേജ്മെന്റിന്റേയും പിടി.എയുടെയും അധ്യാപകരുടെയും കുട്ടികളുടെയും തീവ്ര പ്രയത്നം ഉണ്ട്. വിജയത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേകിച്ചും ചിട്ടയായ രീതിയിൽ കുട്ടികൾക്ക് കൗൺസിലിംഗ് ക്ലാസുകളും മോട്ടിവേഷൻ ക്ലാസുകളും എടുത്തു നൽകുകയും പരീക്ഷാ സമയത്തുള്ള അവരുടെ മാനസിക പ്രശ്നങ്ങളിൽ ഒപ്പം നിന്ന് മോട്ടിവേഷൻ നൽകുകയും ചെയ്ത കൗൺസിലിംഗ് ടീമിനും അഭിനന്ദനങ്ങൾ, ഈ വർഷവും നല്ലൊരു വിജയമാണ് നമ്മൾ പ്രതീക്ഷിക്കുന്നത്.

# മോണിംഗ് സ്റ്റഡി ടൈം ക്വിസ്

കുട്ടികളുടെ പഠനനിലവാരം ഉയർത്തുവാനുള്ള മോണിംഗ് സ്റ്റഡി ടൈം ക്വിസ് ടള ടി ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. രാത്രി 12 മണി കഴിയുമ്പോൾ ക്വസ്റ്റ്യൻ ക്ലാസ് ഗ്രൂപ്പിൽ അപ്‌ലോഡ് ചെയ്യുകയും കുട്ടികൾ വെളുപ്പിനെ എഴുന്നേൽക്കുന്ന സമയത്ത് 10 ചോദ്യത്തിന് ഉത്തരം ചെയ്യുകയും തുടർന്ന് പഠന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുന്നു. അവർ പഠിക്കുവാൻ ഉണരുന്ന സമയവും അവരുടെ അറിവും പരിശോധിക്കുവാൻ ഈ ക്വിസ്സ് വളരെ സഹായകരമാണ് അവിടെ ഉണ്ടാകുന്ന സംശയങ്ങൾക്ക് .ഉത്തരവിശദീകരണം അന്നുതന്നെ ക്ലാസിൽ ചിട്ടയായി നടത്തും ഇതുവഴി വരികൾക്കിടയിലൂടെ കൃത്യമായി പഠനം നടത്തുവാനും നേരത്തെ ഉണർന്ന് ചിട്ടയോടെ പഠിക്കുവാനും കുട്ടികൾക്ക് കഴിയുന്നു. കഴിഞ്ഞവർഷത്തെ ഉന്നതവിജയത്തിന് പിന്നിൽ മോണിംഗ് ക്വിസ്സിന് അതീവ പ്രാധാന്യമുണ്ട്. ഈ വർഷവും ലിറ്റിൽ കൈറ്റ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മോണിംഗ് കിസ്സ് നടന്നുവരുന്നു. 110 ക്വിസ്സ് ആയപ്പോഴേക്കും 1100 ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കുട്ടികൾ കൃത്യമായി പഠിച്ചു കഴിഞ്ഞിരിക്കുന്നു.




SKMHSS KUMARAKOM — Quz-107

MORNING QUIZ 11/01/2024

CHEMISTRY — 10E

| ക്ലാസ് നമ്പർ | പേര് | രാവിലെ പഠനം ആരംഭിച്ച സമയം | മാർക്ക് /10 |
|---|---|---|---|
| 6 | ADITH K GIRI | 03:48:01 | 4 |
| 44 | SONA BIJU | 04:06:50 | 7 |
| 43 | SIVANI SUBHASH | 04:07:32 | 8 |
| 11 | AISWARYA SANTHOSH | 04:09:45 | 7 |
| 15 | AKXA RINU SHIJU | 04:11:21 | 5 |
| 2 | ABHINAV P P | 04:13:52 | 7 |
| 4 | ABHISHEK P P | 04:14:15 | 9 |
| 36 | KEERTHANA SUNIL | 04:15:48 | 8 |
| 21 | APPU RAJESH | 04:19:24 | 1 |
| 14 | AKSHAY LAIJU | 04:30:50 | 4 |
| 37 | MAHADEV R | 04:31:07 | 6 |
| 34 | KARTHIKEYAN AKHILESH | 04:34:40 | 5 |
| 13 | AKSHARAMOL A S | 04:37:26 | 5 |
| 22 | ASHMI SAREESH | 04:38:00 | 5 |
| 26 | BEN C JOHN | 04:38:06 | 7 |
| 32 | JOEL C SIMON | 04:42:01 | 7 |
| 8 | ADWAITH SAJAN | 04:54:23 | 5 |
| 29 | HYMA P ANIL | 04:55:45 | 8 |
| 23 | ASWIN BIJU | 04:56:22 | 0 |
| 40 | ROMAL RAJESH | 04:58:15 | 4 |
| 18 | AMBADY K V | 05:02:23 | 4 |
| 12 | AKASH K B | 05:05:09 | 4 |
| 16 | ALAN SIJU | 05:06:02 | 6 |
| 30 | JESSON JOSEPH | 05:06:41 | 2 |
| 46 | SREENANDA RAJESH | 05:06:47 | 6 |
| 28 | DONEL V SHAJI | 05:12:33 | 4 |
| 41 | S GOVARDHAN | 05:14:57 | 1 |
| 9 | AHALYA MANOJ | 05:19:07 | 6 |
| 3 | ABHINAV P S | 05:21:38 | 2 |
| 19 | ANAGHA ABHILASH | 05:22:40 | 7 |
| 27 | DEEPENDU D | 05:24:15 | 8 |
| 39 | NEERAJA KISHORE | 05:27:29 | 7 |
| 5 | ADARSH S S | 05:27:46 | 2 |
| 17 | ALBIN SHINOJ | 05:28:31 | 4 |
| 1 | ABHINAV ANIL | 05:31:09 | 2 |
| 33 | KAILAS KRISHNA | 05:34:37 | 6 |
| 10 | AISWARYA BINEESH | 05:35:35 | 4 |
| 38 | MUHAMMED UMAR ALI | 05:45:23 | 4 |
| 31 | JINSA MARIA JACOB | 06:03:36 | 5 |
| 7 | ADWAITH AJAYAKHOSH | | |
| 20 | ANANDU E B | | |
| 24 | ASWIN SAJEEV | | |
| 25 | AVINASH ANILKUMAR | | |
| 35 | KEERTHANA MIRAJ | | |
| 42 | SIVANANDA MANOJ | | |
| 45 | SREEHARI M R | | |

പഠന പിന്നോക്കാവസ്ഥ ഉള്ള കുട്ടികളെ കണ്ടെത്തി അവർക്കായി പഠന വിടവ് നികത്തുന്നതിനായുള്ള പ്രവർത്തനം എസ് ആർ ജിയുടെ നേതൃത്വത്തിൽ സ്കൂളിൽ നടത്തുന്നു. എല്ലാ കുട്ടികളുടെയും ഗൃഹ സന്ദർശനം നടത്തി അധ്യാപകർ ഗാർഹിക അന്തരീക്ഷവും പെരുമാറ്റവും വീക്ഷിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. മത്സരപരീക്ഷകൾക്കായി **(USS,NMMS)** തയ്യാറെടുക്കുന്ന കുട്ടികൾക്ക് ഇടവേളകളിലും അധികസമയം എടുത്തും പ്രത്യേക പരിശീലന ക്ലാസുകൾ നൽകുന്നു. മൂന്നാം ടേമിലേക്ക് കടന്ന ആദ്യ ആഴ്ചയിൽ തന്നെ എല്ലാ ക്ലാസ് പ. ടി. എ കളും കൃത്യമായി നടത്തി കഴിഞ്ഞിരിക്കുന്നു. കുട്ടികളെ സ്കൂളിൽ തന്നെ ഇരുത്തി സംശയനിവാരണം നടത്തി റീഡിങ് ക്ലാസ്, റെമഡിയൽ ക്ലാസ് എന്നിവയിലൂടെ ഉന്നത വിജയത്തിലേക്ക് എത്തിക്കാനുള്ള ക്രമീകരണങ്ങൾ എല്ലാം ചെയ്തിട്ടുണ്ട്.

ഈ വർഷം എസ്.എസ്.എൽ.സി പരീക്ഷ എഴുതാൻ 217 കുട്ടികളാണ് ഉള്ളത്.നല്ല ഒരു വിജയം ആണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. കുട്ടികളുടെയും മാനേജ്മെന്റിന്റെയും പിടിഎയുടെയും കൂട്ടായ സഹകരണത്തോടെ ആ ലക്ഷ്യത്തിലേക്ക് നമുക്ക് എത്തുവാൻ സാധിക്കും.



പത്താം ക്ലാസിലെ കുട്ടികൾക്കായി പഠനത്തിൽ മുന്നോക്കം ലഭിക്കുന്നതിനും ഏകാഗ്രത ലഭിക്കുന്നതിനുമായി കൗൺസലിംഗ് ക്ലാസ് കൗൺസിലിംഗ് ക്ലബ്ബിൻറെ നേതൃത്വത്തിൽ 22 /10/ 2023 മുതൽ നടത്തി വരുന്നു. എസ്എസ്എൽസി പരീക്ഷ വരെ കുട്ടികൾക്ക് ആവശ്യമായ മാനസിക പിന്തുണ നൽകുന്ന ക്ലാസുകൾ ഡോക്ടർമാർ ഉൾപ്പെടുന്ന ടീം കൃത്യമായ ഇടവേളകളിൽ നൽകുന്നു. അധ്യാപകർ കുട്ടികളുടെ ഗൃഹ സന്ദർശനം നടത്തുന്നു







ഗൃഹ സന്ദർശനം

# സാമൂഹിക പ്രവർത്തനങ്ങൾ

## ഹരിതസേന




ജൂൺ അഞ്ചിന് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സ്കൂൾ ഹരിതസേനയുടെ **2023- 24** വർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കമായി .. "മരങ്ങളെ സംരക്ഷിക്കു ഭൂമിയെ രക്ഷിക്കൂ" എന്ന മുദ്രാവാക്യം ഉയർത്തി സീറോ എമിഷൻ ഡേ അതായത് "വർഷത്തിലൊരു ദിവസം ഭൂമിക്കായി നീക്കിവെക്കാം" എന്ന ലക്ഷ്യം കുട്ടികളുടെ മനസ്സിൽ ഉറപ്പിക്കുന്നതിനായി കാർഷിക ഗവേഷണ കേന്ദ്രവുമായി കൂടിച്ചേർന്നുകൊണ്ട് നിരവധിയായ പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തി. **RARS** ശാസ്ത്രജ്ഞന്മാരായ ഡോക്ടർ അജിത്ത്. ഡോക്ടർ അനു ജി കൃഷ്ണൻ. ഡോക്ടർ റസിയ ഫാത്തിമ എന്നിവർ വിജ്ഞാനപ്രദമായ ക്ലാസ്സുകൾ എടുത്തു.. സ്കൂൾ ജൈവ വൈവിധ്യ ഉദ്യാനവും അടുക്കളത്തോട്ടവും ഹരിതസേനയുടെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്.



ഹരിതസേനയുടെ ആഭിമുഖ്യത്തിൽ 27/7/2023ൽ ദേവമാതാ കോളേജ് റിട്ടയേർഡ് പ്രൊഫസർ പ്രൊഫസർ ജോർജ് മാത്യു ജൈവവൈവിധ്യ സംരക്ഷണം, .പ്രകൃതി ഫോട്ടോഗ്രാഫി, .ഇൻഡോർ പ്ലാൻറ് വളർത്തൽ, .മൃഗസംരക്ഷണം, .മീൻ വളർത്തൽ, .എന്നിവയെക്കുറിച്ചും അതിലൂടെ ഉണ്ടാകുന്ന ആനന്ദത്തെക്കുറിച്ചും ജീവിത വിജയത്തെക്കുറിച്ചും കുട്ടികൾക്ക് ക്ലാസെടുക്കുകയും കുട്ടികൾ തുടർ പ്രവർത്തനമായി പ്രവർത്തനങ്ങൾ ചെയ്തു പോവുകയും ചെയ്യുന്നു. ഇപ്പോൾ കേരള




ഗവൺമെൻറ് നടത്തിയിട്ടുള്ള അരുമ മൃഗസംരക്ഷണ ക്ലാസിൽ പങ്കെടുക്കുന്നതിനായി നമ്മുടെ കുട്ടികൾക്ക് സെലക്ഷൻ ലഭിച്ചിട്ടുണ്ട്.










6/12/2023ൽ മണ്ണ് ദിനം സമുചിതമായി ആഘോഷിച്ചു. ജൈവവൈവിധ്യ ഉദ്യാനത്തിൽ കുട്ടികൾ ഒത്തുചേർന്ന് കൂടുതൽ പച്ചക്കറി തൈകൾ വച്ച് പിടിപ്പിച്ചു.





30 /12 /2013 ഹരിത സേനയുടെ നേതൃത്വത്തിൽ പേപ്പർ പേന പരിശീലനവും പച്ചക്കറി പരിപാലനവും നടത്തുകയും ചെയ്തു.




ഹരിതസേനയും **KVK, RARS, ETREE** എന്നീ സംഘടനകളും ചേർന്ന് വേമ്പനാട്ടുകായൽ സംരക്ഷണം മുൻനിർത്തി നടത്തിയ "വെറ്റ്‌ലാണ്ട് മിത്ര" എന്ന പരിപാടി യിൽ നമ്മുടെ ഹരിത സേന ടീം പങ്കെടുത്തു 18 /11 /2023 ആർ എ ആർ എസിൽ വച്ച് നടന്ന പരിപാടിയിൽ വിജ്ഞാനപ്രദമായ ക്ലാസുകൾ സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചു.






സീറോ എമിഷൻഡേ സെമിനാറുകൾ കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് നട ത്തുകയും കുട്ടികളുടെ ചിത്രപ്രദർശനം കെ വി കെ ഹാളിൽ നടത്തുകയും ചെയ്തു. ഇതോടനുബന്ധിച്ച് വനം വച്ചു പിടിപ്പിക്കുന്നതിലും പ്രകൃതി സംരക്ഷണ ത്തിലും വിവിധതരം സെമിനാറുകൾ ,ബോധവൽക്കരണ ക്ലാസുകൾ ,എന്നിവ കുട്ടി കൾക്കായി നടത്തിത്തരികയും ചെയ്തു. കൂടാതെ കുമരകം പഞ്ചായത്തുമായി ചേർ ന്ന് ക്ലീൻ ക്യാമ്പസ് പദ്ധതിയും ഡ്രൈ ഡേ ആചരണവും കൃത്യമായി ഹരിത സേന യിലെ കുട്ടികളും അധ്യാപകനായ അഭിലാഷ് സാറും ക്ലബ്ബ് അംഗങ്ങളുംചേർന്ന് നട ത്തിവരുന്നു



പ്രകൃതിദത്ത വസ്തുക്കൾ ഉപയോഗിച്ച് ഓണാശംസകാർഡുകൾ കുട്ടികൾക്ക് എല്ലാവർക്കും ആയി തയ്യാറാക്കാനുള്ള അവസരം ഹരിതസേനയുടെ നേതൃത്വത്തിൽ ഉണ്ടാക്കുകയും കുട്ടികൾ സന്തോഷപൂർവ്വം പ്രക്രിയയിൽ ഏർപ്പെട്ട് കാർഡുകൾ സ്കൂളിൽ കൊണ്ടുവന്ന് പ്രദർശിപ്പിക്കുകയും ചെയ്തു. ഇത് അവരിൽ പ്രകൃതിദത്ത വസ്തുക്കൾ കൂടുതലായി ഉപയോഗിക്കുവാനുള്ള പ്രേരണ നൽകി.

# AIDS Day ( December-1)




കുമരകം എസ്സ് എൻ കോളേജും ഉം ചേർന്ന് സംഘടിപ്പിച്ച ഫ്ളാഷ് മോബ്



എയ്ഡ്സ് ദിന ബോധവൽക്കരണ റാലി

# വിമുക്തി ക്ലബ്

ലോക ലഹരി വിരുദ്ധ ദിനത്തിൽ വിമുക്തി ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ "ലഹരി വിമുക്ത സദസ്സ് "നടത്തി. സ്കൂൾ ജാഗ്രത സമിതി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. എൻസിസി, എസ്.പിസി, സ്കൗട്ട് ആൻഡ് ഗൈഡ്,റെഡ് ക്രോസ് എന്നീ ക്ലബ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തിയ **Cycle Rally** കുമരകം ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ ബോധവൽക്കരണ സന്ദേശം ഉയർത്തിക്കൊണ്ട് നടത്തുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇത് പൊതുജന പ്രശംസ ി നേടിയ വലിയ ഒരു പ്രവർത്തനമാണ്.വിമുക്തി ക്ലബ്ബും ജാഗ്രത സമിതിയും ഒത്തുചേർന്ന് നിരവധിയായ ബോധവൽക്കരണ ക്ലാസുകൾ എടുത്തു. കുട്ടികൾക്കിടയിൽ"ജാഗ്രത ബ്യഗേഡ്" എന്ന സംഘടന രൂപീകരിച്ച് ലഹരി വിമുക്ത ക്യാമ്പസ് എന്ന ലക്ഷ്യത്തിലേക്ക് സ്കൂളിനെ നയിക്കുന്നു. കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി ബോധവൽക്കരണ ക്ലാസ് എക്സ!!ൈ!!സ് ഓഫീസർ അശോക് എസ് നായർ സാർ നടത്തി




ലഹരി വിമുക്ത സദസ്സ്

# SKMHSS KUMARAKOM

## ലഹരി വിരുദ്ധ ക്യാമ്പയിൻ ഒന്നാം ഘട്ടം

**ഒക്ടോബർ 2 മുതൽ നവംബർ ഒന്നു വരെ**





**ലഹരി വിരുദ്ധ പ്രതിജ്ഞ**



ലഹരി വിരുദ്ധ സൈക്കിൾ റാലി

# ഹെൽത്ത് ക്ലബ്ബ്



കുമരകം കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ സ്കൂൾ ഹെൽത്ത് ക്ളബ്ബുമായി ചേർന്ന് ആരോഗ്യപ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്കൂൾ ഹെൽത്ത് ക്ലബ്ബിനും CHC ജീവനക്കാർക്കും നന്ദി രേഖപ്പെടുത്തുന്നു. പെൺകുട്ടികളുടെ ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് കൃത്യമായ ഇടവേളകളിൽ വ്യക്തി ശുചിത്വ ക്ലാസുകൾ എടുത്തു വരുന്നു. ശുചിത്വ കേരളം എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് കേരള സർക്കാർ നടത്തുന്ന പ്രവർത്തനത്തോടൊപ്പം ചേർന്നു സ്കൂളിനെ ശുചിത്വ ക്യാമ്പസ് ആക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കുമരകം പഞ്ചായത്തും സ്കൂൾ ജീവനക്കാരും ഈ പരിപാടിയോട് പൂർണമായി സഹകരിക്കുന്നുണ്ട്. "മാലിന്യമുക്ത നവകേരളം" എന്ന ലക്ഷ്യസാക്ഷാത്കാരത്തിലേക്ക് നിരവധിയായ സെമിനാറുകൾ പ്രോജക്ടുകൾ എന്നിവയും സ്കൂളിലും നടപ്പിലാക്കുന്നുണ്ട്.

ഹെൽത്ത് ക്ലബ്ബ് അംഗങ്ങൾ ശുചീകരണ പ്രവർത്തനങ്ങളിൽ

ജൂലൈ 1 ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് നമ്മുടെ പൂർവവിദ്യാർത്ഥികളായ ഡോക്ടർമാരുടെ സന്ദേശവും അവരുടെ വിജയ രഹസ്യവും ആരോഗ്യ കാര്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസും കുട്ടികൾക്ക് നൽകുകയുണ്ടായി.



'മാലിന്യമുക്തം നവകേരളം' ബോധവത്കരണ സദസ്

# സ്കൂൾ ഗണിതശാസ്ത്ര ക്ലബ്ബ്

സ്കൂൾ ഗണിതശാസ്ത്ര ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ നിരവധി ക്വിസ് പരിപാടികളും എക്സിബിഷനും ദേശീയ പതാക നിർമ്മാണവും ഒഎംആർ പരീക്ഷപരിശീലന ക്ലാസും നടക്കുകയുണ്ടായി.





ദേശീയ പതാക നിർമ്മാണ മത്സരത്തിൽ നിന്ന്

# ടീൻസ് ക്ലബ്ബ്

ടീൻസ് ക്ലബ്ബ് രൂപീകരിച്ച് 7, 8, 9, 10 ക്ലാസിലെ കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കുമായി ഡോക്ടർ ആദിത്യ സുബ്രഹ്മണ്യം, ഡോക്ടർ മെയ്മോൾ എബ്രഹാം, എന്നിവർ ചേർന്ന് ബോധവത്കരണ ക്ലാസ് നടത്തി. സ്കൂളിലെ സയൻസ് അധ്യാപകർ പലപല ഗ്രൂപ്പുകളായി തിരിച്ച് തുടർ ക്ലാസുകൾ എടുത്തു വരുന്നു. കൗൺസിലിംഗ് ആവശ്യമായ കുട്ടികൾക്ക് അതിനുള്ള സഹായവും സ്കൂൾ നൽകിവരുന്നു.




ഡോ. മെയ്മോൾ എബ്രഹാം കുട്ടികളുമായി സംവദിക്കുന്നു

# റോഡ് സേഫ്റ്റി ക്ലബ്ബ്

കുട്ടികളിൽ ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിന് "റോഡ് സേഫ്റ്റി ക്ലബ്ബ് " സ്കൂളിൽ വിവിധ ബോധവത്കരണ പരിപാടികൾ നടത്തി വരുന്നു. ക്ലബ്ബിന്റെ നേതൃത്വത്തിൽ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ റോഡപകടങ്ങൾ കുറക്കുന്നതിന് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഫ്ളാഷ്മോബ് തയ്യാറാക്കി കുമാരകത്തിന്റെ വിവിധ പ്രദേശങ്ങളിൽ പര്യടനം നടത്തി അവതരിപ്പിച്ചു . ഈ പ്രവർത്തങ്ങൾക്ക് ഷേർലി ടീച്ചറിന്റെ നേതൃത്വത്തിലുള്ള അധ്യാപകർ ചുമതല നിർവ്വഹിക്കുന്നു.










**Flash Mob Team**

# ഇംഗ്ലീഷ് ക്ലബ്ബ്

ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികളിലെ **Communication skill** വർദ്ധിപ്പിക്കുന്നതിനായി വിദേശികളായ വിനോദ സഞ്ചാരികളുമായി ഇടപഴകുന്നതിനും അവരുമായി ആശയവിനിമയം നടത്തുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു. യുവജനോത്സവങ്ങളിലും മറ്റ് പരിപാടികളിലും **English Skit** എന്നിവയും നടത്തിവരുന്നു. ഇതിന് രമ്യ ടീച്ചർ സുജടീച്ചർ ഷേർലി ടീച്ചർ എന്നിവർ നേതൃത്വം നൽകുന്നു.







വിദേശ ടൂറിസ്റ്റുകളുമായി കുട്ടികൾ സംവാദത്തിൽ

# എൻ സി സി

കേരളത്തിലെ തന്നെ മികച്ച എൻ സി സി യൂണിറ്റാണ് എസ് കെ എം എച്ച് എസ്സിൽ പ്രവർത്തിക്കുന്നത്. വിവിധ സാമൂഹിക പ്രവർത്തനങ്ങൾ **NCC** യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതിൽ എടുത്തു പറയേണ്ട ഒന്നാണ് "മങ്കമ്മക്കൊരു വീട്" എന്ന പദ്ധതി. ആരും തുണയില്ലാത്ത വീടില്ലാത്ത മങ്കമ്മ എന്ന വൃദ്ധയായ അമ്മക്ക് എൻ സി സി യുടെ നേതൃത്വത്തിൽ വീട് വച്ച് നൽകി. പരിസര ശുചീകരണം, അനാഥാലയങ്ങളിൽ ആഹാരം, വസ്ത്രം എന്നിവയും എൻ സി സി യുടെ നേതൃത്വത്തിൽ നൽകി വരുന്നു. ഈ പ്രവർത്തനങ്ങൾക്ക് അനീഷ് സർ, ഗീതമോൾ ടീച്ചർ എന്നിവർ നേതൃത്വം നൽകുന്നു. കുമരകം **SKMHSS** ലെ **NCC** കേഡറ്റുകളുടെ നേതൃത്വത്തിൽ **Social Service activities** ന്റെ ഭാഗമായി മാനസിക വെല്ലുവിളി നേരിടുന്ന ആളുകളെ ശുശ്രൂഷിക്കുന്ന "സംരക്ഷ" ചാരിറ്റബിൾ ട്രസ്റ്റ് സന്ദർശിച്ചു . സമൂഹത്തിൽ പ്രതിസന്ധി നേരിടുന്ന വിവിധ തരം ജനവിഭാഗങ്ങൾ ഉണ്ടെന്നും അവരുടെ പ്രതിസന്ധികൾ മനസിലാക്കാനും ഒരു സമൂഹജീവി എന്ന നിലയിൽ അവർക്ക് ഒരു കൈത്താങ്ങാവേണ്ടത് നമ്മുടെ കടമയാണ് എന്ന് ഓരോ കേഡറ്റിനും ബോധ്യമാവുക എന്നതുമാണ് ഈ സന്ദർശനത്തിന്റെ ലക്ഷ്യം. 28 അന്തേവാസികൾ ഉള്ള ഇവിടെ കേഡറ്റുകളുടെ നേതൃത്വത്തിൽ ഭക്ഷണവിതരണം നടത്തി. ഹെഡ്മിസ്ട്രസ്സ് ശ്രീമതി **K M** ഇന്ദു, **Associate NCC officer** അനീഷ് **K S** , അധ്യാപികമാരായ ശ്രീമതി **P P** ഗീതാമോൾ , സുജ **P** ഗോപാൽ, അനു **M** ജയച്ചന്ദ്രൻ , **SGT** ശ്രീനന്ദ **N** , **CPL** ആദിത്യ അനിഷ് എന്നിവർ നേതൃത്വം നൽകി .



സംരക്ഷ ചാരിറ്റബിൾ ട്രസ്റ്റിലെ അന്തേവാസികൾക്കൊപ്പം കുട്ടികളും അധ്യാപകരും



NCC YOGA DAY



PUNEETH SAGAR ABHIYAN

# എസ്സ് പി സി

ജൂൺ 21 യോഗ ഡേ എസ് പി സി യൂണിറ്റ് വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു നവംബർ 14 നോടനുബന്ധിച്ച് ശിശുക്ഷേമ സമിതിയിലെ കുട്ടികൾക്കായി പുത്തനുടുപ്പും പുസ്തകസഞ്ചിയും എന്നുള്ള പരിപാടി നല്ല രീതിയിൽ നടത്തി. ആവശ്യക്കാരായ കുട്ടികൾക്ക് വസ്ത്രവും പാഠപുസ്തകങ്ങളും ബുക്കുകളും പഠനോപകരണങ്ങളും എത്തിക്കുവാൻ കുട്ടികൾക്ക് സാധിച്ചു. മാനുഷിക മൂല്യം വളർത്തുന്ന ഈ പരിപാടി കുട്ടികളുടെ മൂല്യബോധത്തിൽ ഉന്നതനില്കൈവരുന്നതിൽ സഹായിച്ചു

ആഗസ്റ്റ് 2 എസ് പി സി ദിനം വിവിധ കർമ്മപരിപാടികളുടെ പോലീസ് മേധാവികളുടെ സാന്നിധ്യത്തിൽ നടത്തി വിജ്ഞാനപ്രദമായ ലഹരിവിരുദ്ധ ക്ലാസുകൾ മോട്ടിവേഷൻ ക്ലാസുകൾ എന്നിവ കുമരകം പോലീസ് ഓഫീസർമാർ കുട്ടികൾക്കായി നൽകുകയുണ്ടായി.







എസ്‌ പി സി യോഗ ദിനം



**SPC SPORTS CLUB**

യോഗാ ദിനത്തോടനുബന്ധിച്ച് സ്കൂൾ എസ്പിസി.എൻ സി സി വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും തുടർ പരിപാടികളായി പത്താം ക്ലാസിലെ കുട്ടികൾക്ക് ഹരി സാർ യോഗ ക്ലാസ് എടുത്തു വരികയും ചെയ്യുന്നു സ്കൂളിലെ ജീവനക്കാർക്കായും വൈകുന്നേരങ്ങളിൽ യോഗ ക്ലാസുകൾ സ്കൂളിൽ നടത്തിവരുന്നു.

"ജീവിതമാണ് ലഹരി "എന്ന ബോധം എല്ലാ കുട്ടികളിലും വരുത്തുന്നതിനായി **SPC**യുടെ സ്പോർട്സ് ക്ലബ്ബ് ഹരി സാറിൻറെയും പ്രസീത ടീച്ചറിന്റെയും നേതൃത്വത്തിൽ കൃത്യമായ പ്ലാനിങ്ങോടെ നടത്തുന്നു ഈ പരിശീലന കളരിയിൽ ലഭിച്ച ഊർജ്ജമാണ് നാഷണൽ ലെവൽ വരെ നമ്മുടെ കുട്ടികൾക്ക് വിജയം നേടുവാൻ സാധിച്ചത് എന്ന് പറയുന്നതിൽ അഭിമാനം ഉണ്ട്. ഹരി സാറിനും ഒപ്പം പ്രസീദ ടീച്ചർക്കും അഭിനന്ദനങ്ങൾ

അതോടൊപ്പം ഖോഖോയിലും സപതാക്ക്റോയിലും കൃത്യമായ ട്രെയിനിങ് നൽകിക്കൊണ്ട് കുട്ടികളെ സ്റ്റേറ്റ് തലം വരെ കൊണ്ടുപോവാൻ സ്കൂളിലെ യു പി അധ്യാപകനായ ഷിബു സാറിനും കഴിഞ്ഞിട്ടുണ്ട് ഷിബു സാറിനും അഭിനന്ദനങ്ങൾ. ലോക ടൂറിസം ഭൂപടത്തിൽ ഇടം നേടിയ കുമരകത്തെ കുട്ടികളിൽ വിനോദസഞ്ചാരികളും ആയി ആശയവിനിമയം നടത്തുന്നതിനായി ഇംഗ്ലീഷ് ക്ലബ്ബ് നൂതന പരിപാടിയായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്ന ആശയം പ്രചരിപ്പിക്കുന്നതിലേക്കായി വിദേശികളുമായുള്ള ഇൻറർവ്യൂകൾ ചെറു ഗ്രൂപ്പുകൾ വച്ച് നടത്തുന്നു ഇത് കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും മറ്റു രാജ്യക്കാരുടെ സംസ്കാരം അറിയുന്നതിനും ഇടയാക്കും തുടർ പ്രവർത്തനം എന്ന നിലയിലും കുട്ടികൾക്ക് ഭാവിയിൽ ജീവിതവിജയം ഉണ്ടാക്കുന്നു എന്ന നിലയിലും സ്കൂളിൻറെ ഒരു മികവ് പ്രവർത്തനമായി ഇതിനെ കണക്കാക്കാം.

## സോഷ്യൽ സയൻസ് ക്ലബ്

സോഷ്യൽ സയൻസ് ക്ലബിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചയും ആനുകാലിക വിഷയങ്ങളെക്കുറിച്ച് ക്വിസ് തയാറാക്കി **You Tube channel** ൽ **upload** ചെയ്യുകയും എല്ലാ മാസാവസാനവും ഈ ചോദ്യങ്ങളെ ആസ്പദമാക്കി കുട്ടികൾക്ക് ക്വിസ്സ് നടത്തുകയും ചെയ്യുന്നു. കൂടാതെ കുട്ടികൾക്ക് ലോക്കൽ മാപ്പ് നിർമ്മാണത്തിൽ പരിശീലനം നൽകുകയും ചെയ്യുന്നു. ഈ പ്രവർത്തനങ്ങൾക്ക് ക്ലബ് കൺവീനർ ജീന ടീച്ചർ നേതൃത്വം നൽകുന്നു.



ഭരണഘടനാ ദിനാചാരണം (2023) സോഷ്യൽ സയൻസ് ക്ലബ്ബ്

# തനത് പ്രവർത്തനങ്ങൾ

ഡിസംബർ ആറാം തീയതി നടന്ന സ്വാപ്പ് ഷോപ്പ് (കൈമാറ്റക്കട) ജനശ്രദ്ധ പിടിച്ചുപറ്റിയ പ്രവർത്തനമാണ്. നാം ഉപയോഗിക്കാതെ മാറ്റി വെച്ചിരിക്കുന്നത് ആവശ്യക്കാരന് നൽകാം എന്നുള്ള സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളിൽ നന്മയും സഹാനുഭൂതിയും സാഹോദര്യവും ഉയർത്തിപ്പിടിക്കുന്നതിന് ഈ ഒരു കൈമാറ്റക്കട വളരെയേറെ പ്രയോജനം ചെയ്തു നമ്മുടെ ഒരു മികവ് പ്രവർത്തനമായി വരും ദിവസങ്ങളിലും സ്വാപ്പ് ഷോപ്പ് നടത്തണമെന്നാണ് ഹരിതസേന ആഗ്രഹിക്കുന്നത്






തുടർ പ്രവർത്തനം എന്ന നിലയിൽ ആദരണീയനായ കളക്ടർ വിഘ്നേശ്വരി മാഡം നിർദ്ദേശിച്ചത് പോലെ വാൾ ഓഫ് ലവ് എന്ന വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥിര സംവിധാനം സ്കൂളിൽ ഏർപ്പെടുത്തണമെന്നാണ് കരുതുന്നത്. ഏറ്റവും അടുത്ത ദിവസം അതിൻറെ ഉദ്ഘാടനം ഉണ്ടാകും. ഹരിതസേനയും ലൈബ്രറി കൗൺസിലും ലിറ്റിൽ കൈറ്റും സംയുക്തമായി നടത്തിയ ഈ വലിയ ഉദ്യമത്തിന് പിന്നിൽ പ്രവർത്തിച്ച കൺവീനർമാരായ അഭിലാഷ് സാറിനും വിജേഷ് സാറിനും സബാൻ സാറിനും അവരോടൊപ്പം നിർദ്ദേശം നൽകിയ പൂർവ്വ അധ്യാപകനായ ആനന്ദൻ സാറിനും ധനലാൽ സാറിനും അഭിനന്ദനങ്ങൾ.





**Swap Shop**

# SKMHSS KUMARAKOM



## swapshop(കൈമാറ്റക്കട)

sponsored by ഹരിതസേന



**6/1/2024**

**ശനി**

10 AM to 4PM

ഉദ്ഘാടനം: എ.കെ ജയപ്രകാശ് (സ്കൂൾ മാനേജർ)

ആശംസകൾ: സുനിമോൾ എസ് (പ്രിൻസിപ്പൽ)

കെ.എം ഇന്ദു (ഹെഡ്മിസ്ട്രസ്സ്)

കെ.പി ആനന്ദക്കുട്ടൻ ( ദേവസം സെക്രട്ടറി)




✓ നമുക്ക് ഉപയോഗിക്കാൻ പറ്റാത്തത് കാരണം മാറ്റി വെച്ചിരിക്കുന്ന വസ്തുക്കൾ മറ്റു പലർക്കും ഉപകാരപ്പെടും.

✓ ഉപയോഗം ഇല്ലാത്തതും പ്രവർത്തന ക്ഷമമായിട്ടുള്ളതുമായ ഉപകരണങ്ങൾ,വസ്ത്രങ്ങൾ, ഫർണീച്ചർ, ഗൃഹോപകരണങ്ങൾ,കരകൗശലവസ്തുക്കൾ,കളിപ്പാട്ടങ്ങൾ എന്നിവ ഇവിടേക്ക് നൽകാം.

✓ കൈമാറികിട്ടുന്ന വസ്തുക്കൾ ആവശ്യക്കാർക്ക് സൗജന്യമായി എടുക്കാം.

സ്റ്റാളിൽ പച്ചക്കറി തൈകൾ വില്പനക്ക് ഉണ്ടായിരിക്കും.ആവശ്യമുള്ളവർക്ക് വാങ്ങാവുന്നതാണ്.

കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ചെണ്ടമേളം ടീമും സ്കൂളിൽ വളർന്നുവരുന്നുണ്ട്





സ്കൂൾ ശാസ്ത്ര ക്ലബ്ബും എസ് എൻ കോളേജ് ശാസ്ത്ര ക്ലബ്ബും ചേർന്ന് വൈവിധ്യമാർന്ന പേനകളുടെ പ്രദർശനവും പഴയ പ്ലാസ്റ്റിക് പേന പുനരുപയോഗ സെമിനാറും ശേഖരണവും നടത്തുകയുണ്ടായി പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണവും സംസ്കരണവും പ്ലാസ്റ്റിക് പുനരുപയോഗ സാധ്യതകളും മനസ്സിലാക്കിക്കൊണ്ട് ആ പ്രവർത്തനങ്ങൾ വളരെ പ്രാധാന്യത്തോടെ ഡ്രൈ ഡേ ആചരണത്തോടൊപ്പം നടപ്പിൽ വരുത്തുന്നു. 15/ 5 /2023 സ്കൂൾ ലിറ്റിൽ കൈറ്റ് സയൻസ് ക്ലബ് സംയുക്തമായി നടത്തിയ വർക് ഷോപ്പിൽ ആർട്ടിഫിഷൽ ഇന്റെലിജൻസ് റോബോട്ടിക്ക് തുടങ്ങിയ നൂതന സാങ്കേതികവിദ്യയിൽ കുട്ടിക്കാനം കോളേജ് ഓഫ് അപ്ലൈഡ് ഇലക്ട്രോണിക്സിലെ പ്രൊഫസർ ഡോക്ടർ അനന്തശങ്കർ പരിശീലനം നൽകി. മാതൃഭൂമി നടത്തിയ റോബോട്ടിക്സ് പരിശീലന പദ്ധതിയിലും ലിറ്റിൽ കൈറ്റ് ടീമംഗങ്ങൾ പങ്കെടുക്കുകയും തുടർ പ്രവർത്തനം സ്കൂളിൽ നടത്തുകയും ചെയ്യുന്നു





പ്ലാസ്റ്റിക് പേന പുനരുപയോഗം
വിവിധ പ്രവർത്തങ്ങൾ





**Dry day** ദിനാചരണം

# ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്

**SKM HSS** ൽ ഫ്രീഡം ഫെസ്റ്റ്2023 ഐ ടി കോർണർ,ഹാർഡ്‌വെയർ പ്രദർശനം നടത്തി . സംസ്ഥാന സർക്കാറിന്റെ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഫെസ്റ്റിനോടനുബന്ധിച്ചുള്ള (ള്ളലന്ധീ ഉലരേ 2023) സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികൾ അക (ആർട്ടിഫിഷ്യൽ ഇന്റലിജിൻസ്), ഇലക്ട്രോണിക്സ് എന്നി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി നിർമിച്ച അൗ്ോമശേര വ്യീഹഹ്യ ട്യലെോ, അശ്യ ു്ീഹഹൗശേീ രീിൃീഹ ഡ്യലെോ, ഴമ ലെിീ്യ ഡ്യലെോ, റമിരശിഴ ഘലഉ, ഋഹലര ഹശഴവ, ലഹലരൃ്ീശര റശരല എന്നിവയും കൂടാതെ **desk top, lap top** കമ്പ്യൂട്ടറുകളുടെ വമ്യറംമ്യല പ്രദർശനം സ്കൂൾ കമ്പ്യൂട്ടർ ലാബിൽ നടന്നു

ഹെഡ്മിസ്ട്രസ് ഇന്ദു ടീച്ചറിന്റെ അധ്യ ക്ഷതയിൽ കൂടിയ ഫ്രീഡം ഫെസ്റ്റ്ഐ ടി കോർണർ ഹാർഡ്വെയർ പ്രദർശനം സ്കൂൾ മാനേജർ എ കെ ജയപ്രകാശ് റിബൺ മുറിച്ചു ഉദ്ഘാടനം നടത്തി. സ്വതന്ത്ര സോഫ്റ്റ്വെയർ ഫെസ്റ്റ്‌വിശദീകരണം സ്കൂൾ ടകഠഇ അധ്യാപകൻ സെബാൻ സാർ നടത്തി. ദേവസ്വം സെക്രട്ടറി കെ പി ആനന്ദകുട്ടൻ, സ്റ്റാഫ് സെക്രട്ടറി പ്രസീത ടീച്ചർഎന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. സ്കൂൾ ലിറ്റിൽ ക്ലബ് അംഗമായ അനഘ എം എ ഫെസ്റ്റ്നു നന്ദി പറഞ്ഞു. കുമരകത്തെ നിരവധി സ്കൂളുകൾ പ്രദർശനം കാണാനെത്തി, ലിറ്റിൽകൈറ്റ് ക്ലബ് അംഗങ്ങൾ എല്ലാവർക്കും പ്രദർശനം വിശദീകരിച്ചു കൊടുത്തു ഏകദേശം 1500 കുട്ടികൾ പ്രദർശനം കാണാനെത്തി.






കേരളകൗമുദി
Kottayam 12 Aug 2023

ശ്രീകുമാരമംഗലം ഹയർ സെക്കൻഡറി സ്കൂളിൽ ഫ്രീഡം ഫെസ്റ്റ് 2023 സ്കൂൾ മാനേജർ എ.കെ.ജയപ്രകാശ് ഉദ്ഘാടനം ചെയ്യുന്നു.

**ഫ്രീഡം ഫെസ്റ്റ് 2023 ഐ.ടി കോർണർ, പ്രദർശനം**

കുമരകം : ശ്രീകുമാരമംഗലം ഹയർ സെക്കൻഡറി സ്കൂളിൽ ഫ്രീഡം ഫെസ്റ്റ് 2023 ഐ.ടി കോർണർ, ഹാർഡ് വെയർ പ്രദർശനം നടത്തി. സംസ്ഥാന സർക്കാരിന്റെ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഫെസ്റ്റിനോടനുബന്ധിച്ചുള്ള സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇലക്ട്രോണിക്സ് എന്നിസാദ്ധ്യതകൾ പ്രയോജനപ്പെടുത്തി നിർമിച്ച ഓട്ടോമാറ്റിക് ഡോളി, എയർ പൊല്യൂഷൻ കൺട്രോൾ, ഗ്യാസ് സെൻസർ, ഡാൻസിംഗ് എൽ.ഇ.ഡി, തെരുവ്‌വിളക്ക്, ഇലക്ട്രോണിക് ഡൈസ് തുടങ്ങി കമ്പ്യൂട്ടറുകളുടെ പ്രദർശനം എന്നിവ നടന്നു.

ഹെഡ്മിസ്ട്രസ് ഇന്ദു ടീച്ചർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സ്കൂൾ മാനേജർ എ.കെ.ജയപ്രകാശ് ഉദ്ഘാടനം ചെയ്തു. ഐ.ടി.സി അദ്ധ്യാപകൻ സെബാൻ, ദേവസ്വം സെക്രട്ടറി കെ.പി ആനന്ദകുട്ടൻ, സ്റ്റാഫ് സെക്രട്ടറി പ്രസീത ടീച്ചർ എന്നിവർ സംസാരിച്ചു. ലിറ്റിൽ ക്ലബ് അംഗമായ അനഘ എം.എ ഫെസ്റ്റിന് നന്ദി പറഞ്ഞു. കുമരകത്തെ സ്കൂളുകളിൽ നിന്നുള്ള 1500 ഓളം വിദ്യാർത്ഥികൾ പ്രദർശനം കാണാനെത്തി.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Kottayam

# സ്കൂളിനു ലഭിച്ച അംഗീകാരങ്ങൾ

ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ നമുക്ക് രണ്ട് ഷോർട്ട് ഫിലിം നിർമ്മിക്കുവാൻ സാധിച്ചിട്ടുണ്ട് ഈ വർഷവും ഒരു ഷോർട്ട് ഫിലിം നിർമ്മിക്കുവാനുള്ള പണിപ്പുരയി ലാണ്



കോട്ടയം ജില്ലയിലെ ഏറ്റവും നല്ല ഷോർട്ട് ഫിലിമിനുള്ള അവാർഡ് നമ്മുടെ സ്കൂളിലാണ് ലഭിച്ചത് ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന ഷോർട്ട് ഫി ലിം "രക്ഷിത "എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റി . മയക്കുമരുന്നിന്റെയും മ റ്റും ദൂഷ്യവശങ്ങൾ പറയുന്ന രണ്ടാമത്തെ ഷോർട്ട് ഫിലിമും ഇത്തവണ മത്സര ത്തിനായി അയച്ചിട്ടുണ്ട്.




നാഷണൽ ത്രോ ബോൾ നാ ഷണൽ ലെവൽ മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് ജാർഖണ്ഡിൽ വച്ച് നടന്ന മത്സരത്തിൽ ഉന്നത വിജയം നേടുവാൻ കഴിഞ്ഞ കുട്ടിക ൾക്കും അവരെ പരിശീലിപ്പിച്ച ഹരി സാറിനും അഭിനന്ദനങ്ങ ൾ











നാഷണൽ ലെവൽ വടംവലിയിൽ ശ്രീലക്ഷ്മിക്ക് സ്വർണ്ണമെഡൽ കരസ്ഥമാക്കുവാൻ കഴിഞ്ഞത് സ്കൂളിൻറെ അഭിമാനകരമായ നേട്ടമാണ്

സംസ്കൃതം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നിരവധിയായ സംസ്കൃതം സെമിനാറുകളും ബോധവൽക്കരണ ക്ലാസുകളും സംസ്കൃതം പ്രദർശിനിയും സ്കൂളിൽ സംഘടിപ്പിക്കുക വഴി 21 കുട്ടികൾക്ക് സംസ്കൃതം സ്കോളർഷിപ്പ് കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ട്സംസ്ഥാന യുവജനോത്സവത്തിൽ സംസ്കൃതം സംഘഗാനത്തിൽ എ ഗ്രേഡ് ലഭിച്ച 7 കുട്ടികൾക്കും അവരെ പരിശീലിപ്പിച്ച വിജേഷ് സാറിനും ധനലാൽ സാറിനും അമൽ ദേവ് സാറിനും അഭിനന്ദനങ്ങൾ






ഐ ടി ക്ലബ്ബിൻറെ അഭിമുഖത്തിൽ സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളും ഡോക്യുമെന്റ് ചെയ്ത് അവതരിപ്പിക്കുന്നതിനായി "ചാനൽ ഐ" എന്ന ഒരു യൂട്യൂബ് ചാനൽ നടത്തുന്നുണ്ട് സ്കൂളിൽ നടക്കുന്ന എല്ലാം പ്രവർത്തനങ്ങൾ പൊതുജന സമക്ഷം കൊണ്ടുവരുവാൻ ഈ ചാനൽ നമ്മെ സഹായിക്കുന്നു

സെൽഫ് ഡിഫൻസ് കുട്ടികൾ എസ്പിസിയുടെ നേതൃത്വത്തിൽ സ്ത്രീ സുരക്ഷയ്ക്ക് ഒരു മുന്നൊരുക്കം എന്ന നിലയിൽ 12/5/2023ൽ കുമരകം ഫെസ്റ്റിനോട് അനുബന്ധിച്ച് പ്രദർശനം നടത്തി കൃത്യമായ ട്രെയിനിങ്ങുകൾ ഈ വർഷവും തുടർന്നു പോരുന്നു ബ്ലോക്ക് പഞ്ചായത്ത് ആണ് കുട്ടികൾക്ക് ആവശ്യമായ ഭക്ഷണവും സൗകര്യവും സ്പോൺസർ ചെയ്യുന്നത്. പെൺകുട്ടികളിൽ കരുത്തും പ്രതികരണശേഷിയും ആത്മധൈര്യവും വർദ്ധിപ്പിക്കുവാൻ ഇവിടെ പഠിക്കുന്ന ആയോധനകലകൾ ഏറെ സഹായിക്കുന്നു

16/5/2023 വിദ്യാഭ്യാസ വകുപ്പ് നേതൃത്വം നടത്തിയ ടെക്നോസോൺ എന്ന മേളയിൽ നമ്മുടെ കുട്ടികളും ഹോം സെക്യൂരിറ്റി സിസ്റ്റം വായു മലിനീകരണ നിരീക്ഷണ യന്ത്രം ഭാരവാഹി ട്രോളി എന്നിവ പ്രദർശിപ്പിച്ചു
ലിറ്റിൽ കൈറ്റ് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ ഫ്രീഡം ഫസ്റ്റ് 2023 ഐടി കോർണർ എന്ന പേരിൽ ഹാർഡ്വെയർ പ്രദർശനവും സ്വതന്ത്ര സോഫ്റ്റ്വെയറിനെ കുറിച്ചുള്ള ക്ലാസുകളും നമ്മുടെ പരിസര സ്കൂളായ നോർത്ത് എൽപിഎസ് സെന്റ് ജോൺസ് യു പി സ്കൂൾ എന്നിവിടങ്ങളുടെ കുട്ടികൾക്ക് ഉൾപ്പെടെ രാവിലെ മുതൽ വൈകുന്നേരം വരെ എക്സിബിഷൻ സംഘടിപ്പിച്ച് വിജ്ഞാനപ്രദമായ ക്ലാസുകൾ നൽകി.

എൻസിസി യുടെ നേതൃത്വത്തിൽ യോഗാദിനം ജൂൺ 12ന് നടന്നു
ജി ട്വന്റി ഉച്ചകോടിയോടനുബന്ധിച്ച് കുമരകത്ത് ഷെർപ്പ സമ്മേളനം നടന്ന അവസരം മുതൽ പ്ലാസ്റ്റിക് മാലിന്യം കായൽ തീരത്തു നിന്നും നീക്കുന്ന വലിയൊരു പ്രോജക്ടും പുനീത് സാഗർ അഭിയാൻ എന്ന പ്രോജക്ടും വളരെ നല്ല രീതിയിൽ നടത്തിവരുന്നു.
"ഭിന്നശേഷി കുട്ടികൾക്കായി കരുതലും കൈത്താങ്ങും" എന്ന പദ്ധതിയിലൂടെ കുമരകത്ത് തന്നെ പ്രവർത്തിക്കുന്ന കരുണ സെൻററിൽ കുട്ടികൾ നിശ്ചിത ഇടവേളകളിൽ എത്തുകയും അവർക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുകയും ചെയ്തു വരുന്നു സമൂഹത്തിൽ സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ അനുഭവിക്കുന്നവർക്ക് കൈത്താങ്ങായി മക്കൾക്ക് വീട് എന്ന പദ്ധതി ഉൾപ്പെടെയുള്ള നാല് വീട് നിർമ്മാണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിൽ വരുത്താൻ സാധിച്ചു.

സ്കൂളിലെ എല്ലാ ക്ലബ്ബുകളും ചേർന്ന് ശാസ്ത്രോത്സവം 2023 എസ് കെ എം കാഴ്ചകൾ എന്ന പേരിൽ കുട്ടികളുടെ കരകൗശല വസ്തുക്കൾ ഉൾപ്പെടെ പ്രദർശനവും നിർമ്മാണ മത്സരവും നടത്തുകയുണ്ടായിപുതിയ സ്കൂളിൽ നിന്നും കുട്ടികൾ നമ്മുടെ സ്കൂളിലേക്ക് എത്തിച്ചേർന്നപ്പോൾ അവരെ ലൈബ്രറി ഉൾപ്പെടെ പരിചയപ്പെടുത്തുന്നതിനായി പുതുവർഷ വായന എന്ന പരിപാടി സംഘടിപ്പിച്ച് ലൈബ്രറി ക്ലബ്ബ് വായനയുടെ ലോകം കുട്ടികൾക്കായി തുറന്നുകൊടുത്തു ഈ വർഷവും 14000 രൂപയുടെ പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് ചേർത്തുകൊണ്ട് എന്നും കൃത്യതയോടെ കുട്ടികൾക്കായി ലൈബ്രറി സൗകര്യം ക്ലബ്ബ് ഒരുക്കുന്നുണ്ട്


സ്കൂളിലെ എല്ലാ ക്ലബ്ബുകളും ചേർന്ന് ശാസ്ത്രോത്സവം 2023 എസ് കെ എം കാഴ്ചകൾ എന്ന പേരിൽ കുട്ടികളുടെ കരകൗശല വസ്തുക്കൾ ഉൾപ്പെടെ പ്രദർശനവും നിർമ്മാണ മത്സരവും നടത്തുകയുണ്ടായിപുതിയ സ്കൂളിൽ നിന്നും കുട്ടികൾ നമ്മുടെ സ്കൂളിലേക്ക് എത്തിച്ചേർന്നപ്പോൾ അവരെ ലൈബ്രറി ഉൾപ്പെടെ പരിചയപ്പെടുത്തുന്നതിനായി പുതുവർഷ വായന എന്ന പരിപാടി സംഘടിപ്പിച്ച് ലൈബ്രറി ക്ലബ്ബ് വായനയുടെ ലോകം കുട്ടികൾക്കായി തുറന്നുകൊടുത്തു ഈ വർഷവും 14000 രൂപയുടെ പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് ചേർത്തുകൊണ്ട് എന്നും കൃത്യതയോടെ കുട്ടികൾക്കായി ലൈബ്രറി സൗകര്യം ക്ലബ്ബ് ഒരുക്കുന്നുണ്ട്

''എസ് കെ എം മികവിലേക്ക്. എന്ന ലക്ഷ്യസാക്ഷാത്കാരത്തിനായി സ്കൂൾ മാനേജ്മെന്റും പിടിഎയും സ്കൂളിലെ മുഴുവൻ ജീവനക്കാരും കുട്ടികളുംഒറ്റക്കെട്ടായി പ്രവർത്തിക്കുന്നു എല്ലാവർക്കും അഭിനന്ദനങ്ങൾ അർപ്പിക്കുന്നു

കെ എം ഇന്ദു
ഹെഡ്മിസ്ട്രസ്

# മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതെങ്ങനെ?

മനുഷ്യരുടെ ഭക്ഷ്യവിഭവങ്ങളിൽ സുപ്രധാനസ്ഥാനം വഹിക്കുന്ന ഒരു വിഭവമാണ് മത്സ്യം. നിരന്തരമായ ഉപയോഗം മത്സ്യസമ്പത്തിൽ ഗണ്യമായ കുറവാണ് വരുത്തിയിരിക്കുന്നത്.നിരവധി ഇനത്തിൽപ്പെട്ട മത്സ്യങ്ങൾക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്.ഈ അവസരത്തിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാനുള്ള ഒരു പുതിയ മാർഗമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. വളരെ ലളിതമായി നമുക്ക് നടപ്പിലാക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ് ഇത്. മത്സ്യങ്ങൾ വസിക്കുന്ന ആറുകളിലും പുഴകളിലും തോടുകളിലും തടാകങ്ങളിലും നമുക്ക് ഈ പദ്ധതി ഫലപ്രദമായി ചെയ്യാവുന്നതാണ്.



മത്സ്യ ഉത്പാദനം വർദ്ധിക്കുന്നതിനായി അവ വസിക്കുന്ന സ്ഥലങ്ങളിൽ പലയിടങ്ങളിലായി നമുക്ക് ചെറിയ പാർപ്പിടങ്ങൾ ഉണ്ടാക്കി കൊടുക്കാവുന്നതാണ്. തെങ്ങോലയുടെ കട്ടിയുള്ള ഭാഗം പുഴയുടെ അടിഭാഗത്ത് ചെളിയിൽ താഴ്ത്തിവെച്ച് നമുക്ക് നിരവധി പാർപ്പിടങ്ങൾ ഉണ്ടാക്കാം. കവളൻ മടൽ ചേർത്ത് വെച്ച് നമുക്ക് ഓരോ പാർപ്പിടങ്ങൾ നിർമ്മിക്കാം.
ഈ പാർപ്പിടങ്ങൾ കിട്ടിയാൽ മത്സ്യങ്ങൾക്ക് പേടികൂടാതെവന്ന് അതിൽ മുട്ടയിടാം.ഒരു പ്രാവശ്യം മുട്ടയിടുന്നതിലൂടെ ആയിരക്കണക്കിന് മത്സ്യക്കുഞ്ഞുങ്ങളാണ് ഉണ്ടാവുന്നത്. പണ്ടൊക്കെ കാവുകളോടുചേർന്ന കാട്ടരുവികളിലായിരുന്നു മത്സ്യങ്ങൾ മുട്ടയിട്ടിരുന്നത്. മനുഷ്യരുടെഇടപെടൽ മൂലം കാവുകളെല്ലാം അന്യാധീനമായിപ്പോയി. പല മത്സ്യങ്ങളും മുട്ടയിടാനാകാതെ വംശനാശം സംഭവിക്കുകയും ചെയ്തു.ഈ അവസരത്തിൽ ഈ വിധമുള്ള മത്സ്യവസതികളിലൂടെ നമുക്ക് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാം.

## മത്സ്യബന്ധനം നടത്താൻ പുതിയ രീതി

മത്സ്യബന്ധനത്തിന് മനുഷ്യർ നിരവധി മാർഗങ്ങൾ അവലംബിക്കാറുണ്ട്. നൂതനമായ ഒരു മാർഗമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.


ഒരു മൺപാത്രത്തിൻ്റെ വായ ഒരു തുണികൊണ്ട് മൂടിക്കെട്ടുന്നു.തുണിയുടെ നടുക്ക് ഒരു ചെറിയ ദ്വാരവും ഇട്ടിരിക്കണം. മത്സ്യങ്ങൾക്ക് ഇഷ്ടമുള്ള എന്തെങ്കിലും ഭക്ഷ്യവസ്തു ആ ദ്വാരത്തിലൂടെ പാത്രത്തിൽ വെക്കുക.ഈ പാത്രം മത്സ്യങ്ങൾ വസിക്കുന്ന ഏതെങ്കിലും പുഴയിലോ തടാകത്തിലോ കൊണ്ടുപോയി അടിത്തട്ടിലേക്ക് ഇറക്കി വെച്ച് നന്നായി ഉറപ്പിക്കുക.ഭക്ഷ്യവസ്തുവിൻ്റെ സാന്നിദ്ധ്യത്താൽ മത്സ്യങ്ങൾ ദ്വാരത്തിലൂടെ പാത്രത്തിനുള്ളിൽ കടക്കുന്നു.എന്നാൽ ചെറിയ ദ്വാരമായതിനാൽ മീനുകൾക്ക് പുറത്തിറങ്ങാൻ സാധിക്കുകയില്ല.പാത്രത്തിനുള്ളിൽ കുടുങ്ങിയ മീനുകളെ 3-4 മണിക്കൂറുകൾക്കുശേഷം പാത്രം ഉയർത്തിയെടുക്കുമ്പോൾ നമുക്ക് ലഭിക്കുന്നു.വ്യത്യസ്തതരം പാത്രങ്ങൾ ഉപയോഗിച്ച് നമുക്ക് ഈ രീതിയിൽ മത്സ്യബന്ധനം നടത്താവുന്നതാണ്.

കാർത്തികേയൻ VR 8F




PLEASE NO MORE WAR
LOVE

# PICTURE ALBUM




CHINMY S 7E

GANGA PRADEEP 7E





GANGA PRADEEP 7E



GANGA PRADEEP 7E





GANGA PRADEEP 7E



ALONA ANEESH 7E



SREELAKSHMI REJEESH +1





ADRIJA KV 6C

[illegible]

DEEPENDU D 10E



[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

# സംസ്കൃത ഭാഷാ പഠനത്തിൻറെ പ്രസക്തി

ലോകത്തിലെ ഏറ്റവും പുരാതനമായതും പരിശുദ്ധി ഉളവാക്കുന്നതുമായ ഭാരതീയസംസ്കാരത്തിൻറെ അവശേഷിക്കുന്ന പ്രസരിപ്പാണ് സംസ്കൃതം .നമ്മുടെ പൂർവികർ നമുക്ക് കൈമാറിയ ഈ അത്ഭുത സിദ്ധാന്തത്തിന്റെ സാരത്തെ അറിഞ്ഞിരിക്കേണ്ടത് ഏതൊരു ഭാരതീയനെ സംബന്ധിച്ചും അനിവാര്യമാണ് . ഓരോ വ്യക്തിയും ഭൂമിയിൽ ജന്മം എടുക്കുന്നത് തൻ്റെ അമ്മയുടെ ഉദരത്തിൽ നിന്നാണ് . ഭൂമിയിൽ ജീവൻ നിലനിർത്താൻ അമ്മയ്ക്ക് മാത്രമാണ് സാധ്യമാകുന്നത്. അതുപോലെ ഒരു വ്യക്തിയുടെ ദൈവികമായ ചൈതന്യം നിലനിർത്താൻ ഈ പ്രതിഭാസത്തിന് സാധ്യമാകും എന്നത് ഒരു അത്ഭുതകരമായ വസ്തുതയാണ്. സംസ്കൃതം ഒരു വ്യക്തിയെ എത്രമാത്രം സ്വാധീനിക്കുന്നു എന്നത് വിവരിക്കാൻ അസാധ്യമാണ് .കാരണം അത്രത്തോളം ഇതിൻറെ ചൈതന്യം മനുഷ്യമനസ്സിനെ കീഴടക്കുന്നു. സംസ്കൃതം അഭ്യസിക്കുന്ന ഒരാളുടെ ആത്മബോധം പതിന്മടങ്ങ് വർദ്ധിക്കുകയും അവന് മനശാന്തി ലഭിക്കുകയും ചെയ്യുന്നു. ലോകം കീഴടക്കിയ പല പണ്ഡിതരും സംസ്കൃത ഭാഷ പഠിച്ച് അതിൻറെ സാരത്തെ അറിഞ്ഞു മനസ്സിലാക്കിയവരാണ്. പല അമൂല്യമായ ഗ്രന്ഥങ്ങളും സംസ്കൃതത്തിൽ രചിക്കപ്പെട്ടതിനുള്ള കാരണവും ഇതുതന്നെയാണ്. സംസ്കൃതത്തിലുള്ള അത്ര പ്രയോഗങ്ങൾ മറ്റു ഭാഷകളിൽ ഇല്ല എന്നതുകൊണ്ടുതന്നെ സംസ്കൃതത്തിന്റെ മൂല്യം മറ്റു ഭാഷകളേക്കാളും ഒരുപിടി മുന്നിലാണ്. എല്ലാ ഭാഷകളുടെയും മാതാവ് എന്നറിയപ്പെടുന്ന പ്രാകൃതം ഭാരതീയ സംസ്കാരത്തിന് നൽകിയ മഹിമ ചെറുതല്ല. ഇത്രത്തോളം മഹത്കരമായ ഒരു ഭാഷ പഠിക്കുന്നത് കൊണ്ട് നന്മയല്ലാതെ നമുക്ക് യാതൊരു വിധത്തിലുള്ള ക്ലേശങ്ങളും ഭവിക്കുകയില്ല. ഇത്രത്തോളം ദൈവികവും ഗോചരവുമായ ഈ പ്രതിഭാസത്തെ മനസ്സിലാക്കാൻ യാതൊരുവനാണോ ശ്രമിക്കുന്നത് അവൻ സംസ്കൃതത്തെ മാത്രമല്ല പ്രപഞ്ചത്തെയും പ്രപഞ്ച വൈവിധ്യങ്ങളെയും സഹജീവികളെയും ഉൾക്കൊള്ളാനുള്ള പ്രാപ്തി നേടുകയും ചെയ്യും .സംസ്കൃത ഭാഷ പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് നമ്മുടെ ഉന്നമനത്തിന് കാരണമാകുകയും അത് നമ്മുടെ ജീവിതത്തിന് പുതിയൊരു ആത്മബോധം നൽകുകയും ചെയ്യുന്നു.ഇത്രത്തോളം പ്രസക്തിയുള്ള ഒരു ഭാഷാ ലോകത്തിൽ നിലവിലില്ല.നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന തെറ്റിദ്ധാരണയാണ് സംസ്കൃത ഭാഷയുടെ പ്രചാരണത്തിന് തടസ്സമായി നിൽക്കുന്നത് ഇങ്ങനെയുള്ള തെറ്റായ ആശയങ്ങൾ പ്രചരിപ്പിക്കുന്നത് കൊണ്ട് സംസ്കൃത ഭാഷയുടെ മൂല്യം സമൂഹത്തിൽ നിന്ന് അകന്നു പോയിരിക്കുകയാണ്. സംസ്കൃതം പ്രചരിപ്പിക്കുകയാണെങ്കിൽ ഭാരതത്തിൻറെ പ്രൗഢി വീണ്ടും ഉ ന്നതിയിലേക്ക് എത്തിക്കാൻ ഓരോ ഭാരതീയനും സാധിക്കും. ലോക രാഷ്ട്രങ്ങളിൽ വച്ച് ഭാരതത്തെ ഉയർത്താനുള്ള ഏറ്റവും വലിയ പോംവഴിയാണ് സംസ്കൃത ഭാഷാ പ്രചാരണം. പ്രാകൃതത്തെ ഉയർത്തുന്നതിലൂടെ നമ്മുടെ രാഷ്ട്രത്തെ ഉന്നതിയിലേക്ക് എത്തിക്കാൻ നമുക്ക് സാധിക്കും . സംസ്കൃതം പഠിക്കുക, പഠിപ്പിക്കുക, പ്രചരിപ്പിക്കുക. ജയതു സംസ്കൃതം ജയതു ഭാരതം !!!

# हिंदी दिन का महत्व



श्रीलक्ष्मी रजिष् +1

हिंदी दिवस हर साल भारत में १४ सितंबर को बहुत उत्साह के साथ मनाया जाता हैं। हिदी भाषा भारत देश की राष्ट्रभाषा है । हिंदी भाषा को सम्मान देने के लिए ही यह दिवस मनाया जाता है। हिंदी भाषा विश्व में सबसे ज्यादा बोली जाने वाली तीसरी भाषा है । १४ सितंबर १९४९ को भारत की संविधान सभा ने हिंदी भाषा को आधिकारिक भाषा (राजभाषा ) के रूप में घोषित किया था। इसके बाद राष्ट्रभाषा प्रचार समिति , वर्धा (महाराष्ट्र मे स्थित ) के अनुरोध पर वर्ष १९५३ से पूरे भारत में २४ सितंबर को प्रतिवर्ष हिंदी दिवस के रूप में मनाया जाने लगा । हिंदी को राष्ट्रभाषा बनाने के लिए बहुत लंबा संघर्ष करना पड़ा था । हिंदी को राष्ट्रभाषा बनाने के लिए काका कालेलकर, हजारीप्रसाद द्विवेदी, मैथिलीशरण गुप्त, सेठ गोविन्ददास आदि साहित्यकारों को साथ लेकर व्योहार राजेन्द्र सिंह ने अथक प्रयास किए थे, तब जाकर हिंदी भाषा को अधिकारिक भाषा के रूप मे मान्यता मिली थी । वर्ष १९२८ में महात्मा गाधी जी ने भी हिन्दी साहित्य सम्मेलन में हिंदी भाषा को राष्ट्रभाषा बनाने की बात बोली थी। गाधी जी ने हिंदी भाषा को जनमानस की भाषा थी कहा था।

स्कूल, कॉलेज और कार्यालयो में हिंदी दिवस को बहुत उत्साह के साथ मनाया जाता है। स्कूल और कॉलेज में छात्र - छात्राएँ भाषण, निबंध लेखन, कविता पाठ, गीत, नृत्य, नाटक और हिंदी सामान्य ज्ञान प्रश्नोत्तरी प्रतियोगिता आदि का कार्यक्रम करते हैं।

इस दिन भारत के राष्ट्रपिता द्वारा नई दिल्ली के विज्ञान भवन में हिंदी से संबंधित कषेत्रों में बेहतर काम कर रहे लोगों को पुरस्कार वितरित किया जाता है।

हिंदी दिवस मनाने का एकमात्र उद्धेश्य भारत देश की राष्ट्रभाषा हिंदी भाषा को महत्व देना है। आज के समय में सभी अंग्रेजी भाषा सीखनें की तरफ ज्यादा झुकाव रहते है लेकिन जब तक खुद भारतवासी हिन्दी भाषा उपयोग पूरी तरह से नही करेंगे तब तक हिंदी भाषा का विकास नहीं हो सकता । इसलिए सभी भारतवासियों को एकजुट होकर हिंदी के विकास को एक नए आयाम तक पहुंचाना है। हिंदी भाषा का विकास और इस हिंदी भाषा को विलुप्त होने से बचाने के लिए ऐसा कर अभी भारतीय का कर्तव्य है।

--------------------------

----------

# KUMARAKOM





ലിറ്റിൽ കൈറ്റ്സിന്റെ  നേതൃത്വത്തിൽ നിർമ്മിച്ച മൂന്നാമത് ഷോർട്ട് ഫിലിം "സൈഗോട്ട്" ബഹുമാനപ്പെട്ട സഹകരണ തുറമുഖ വകുപ്പ് മന്ത്രി ശ്രീ വി എൻ വാസവൻ പ്രകാശനം ചെയ്യുന്നു.



**ദേശീയ വടംവലി മത്സരത്തിൽ കേരളത്തിനുവേണ്ടി സ്വർണ്ണം നേടിയ ടീമംഗമായ  എസ് കെ എം എച്ച് എസ് എസ് വിദ്യാർത്ഥിനി ശ്രീലക്ഷ്മി രജീഷ് ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ഉപഹാരം ഏറ്റുവാങ്ങുന്നു.**

SHERLY SR, HST ENGLISH

William Shakespeare was an English Playwright, poet and actor was known as the greatest Writer in the English language. He was born on 26th April in 1564 at startford on Avon in Warwickshire. His father John Shakespeare was a farmer and his mother Mary Arden.

Shakespeare as the greatest dramatist of the world had written 37 Play, 154 Sonets, 2 narrative poems and a variety of other Poems but no manuscripts of Shakespear's play are known to exist today. His plays are classified in to three as Histories, Tragedies and comedies.

Historical Plays: Hentry lV , , Hentry V, Hentry VI, Hentry VIII, Richard ll, Richard lll, King John, Pericles

Tragedies : Hamelt , Julius ceasar, Othello , Titas Andronicus, Romeo and Juliet, King Lear, Macbeth, Antony and cleopatra, Coriolanus , Cymber line, Timons of Athens
comedies : Tempest, Love's Labours Lost, Winter's Tale, comedy of Errors, Two Gentlemen of Verona, Midsummer Night Dream, Merchant of Venice, Taiming of the shrew, Merry Wives of Windsor, Much Ado about Nothing, As you like it , Twelth Night, All's well that Ends Well, Measure for Measure, Troilus and Cressida .



Elizabethan English in all his plays and there is a great difference between Elizabathan English and Modern English. There is a difference in vocabulary and also in grammar between Shakespear's English and Modern English.
His 154 Sonnets (14 line poem written in iambic Penta metre) are divided into two as "Young man Sonnets " and "Dark Lady "Sonnets.
He used conventional Sonnets forms as a 3 quardrains and a couplet.All his Sonnets occupy a marginal Space between Social classes between public and Private, narrative and dramatic.

William Shakespear's plays and Sonnets Portrays a wide range of human conditions and it opens to us for our own ...terpretations.
...cording to ...akespeare,

...ll the world's a stage
...d all the men and ...omen mearly players

...ey have their exists and entrances
And one man in his time plays many parts
( As You Like it )

# വിശ്വ പ്രസിദ്ധമായ ബാല സാഹിത്യ പുസ്തകങ്ങൾ

ശ്രീലക്ഷ്മി രെജീഷ +1

1.J. Harry potter and the philosopher's stone by J. K Rowling

2.The hunger games by suzanne collins

3.The BFG roold dahl, illustrated by Quentin Blake

4.The very hungry caterpiller by Eric carlie

5.The cat in the hat by Dr. Seuss

എന്നിവ വിശ്വ പ്രസിദ്ധമായ ബാല സാഹിത്യകൃതികളാണ്.

കുട്ടികളെ ഉപദ്ദേശിച്ചെന്ന് വ്യക്തമായി നിർദ്ദേശിച്ച് എഴുതപ്പെട്ട ആദ്യ മലയാള രചന കുഞ്ചൻ നമ്പ്യാരുടെ പഞ്ചതന്ത്രം കിളിപ്പാട്ടാണ്. "ഗ്രന്ഥവിമ്പ്താരെ ഭയമുള്ള ബാലകന്മാർക്ക് ഭാഷയായി ചൊല്ലിയത്" എന്ന് കവി അതിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. കുട്ടികൾക്ക് അറിവ് ഉണ്ടാകുന്നതിന് ഒരു നല്ല ഗ്രന്ഥം( ക്രിസ്തുവർഷം 1,775-ൽ ) കണ്ണിപ്പറമ്പത്ത് ഒരു വിദ്വാൻ രചിച്ചിരുന്ന-തായി പി. ഗോവിന്ദപിള്ള രേഖപ്പെടുത്തിയിട്ടുണ്ട്. "ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽ നിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ" കുട്ടികൾക്ക് വേണ്ടിയുള്ള മലയാള കഥയിലെ ആദ്യത്തെ മിഷനറി ദൗത്യമാണ്. കുട്ടികളെ ഉദ്ദേശിച്ച് എഴുതിയ പാഠപുസ്തക രൂപത്തിലുള്ള കഥകളാണ് ഹെർമൻ ഗുണ്ടർട്ടിന്റെ പാഠമാല. (1860) ഗദ്യവും പദ്യവും ഇടകലർത്തി വൈക്കത്ത് പാച്ചുമൂത്തത് രചിച്ച ബാലസാഹിത്യകൃതിയാണ് ബാലഭൂഷണം.

ടി.സി കല്യാണിയമ്മയുടെ "ഈസോപ്പിന്റെ കഥകൾ" കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ വിശ്വാമിത്ര എന്നിവ പ്രധാനപ്പെട്ട ബാലസാഹിത്യകൃതികളാണ്. 19-ാം നൂറ്റാണ്ടിൽ ബാലസാഹിത്യകൃതികൾ കൂടുതലായി ഉണ്ടായെങ്കിലും 1950 നും 1970 നും ഇടയിലാണ് ബാലസാഹിത്യ രചനയിൽ അഭൂത പൂർവമായ പുരോഗതി ഉണ്ടായത്.

1970- ന ശേഷം ബാലസാഹിത്യ രംഗത്ത് വൻകുതിച്ചുചാട്ടമാണ് മലയാളത്തിൽ ഉണ്ടായത്. വിവിധ വിഷയങ്ങളെ അധികരിച്ചും പുനരാഖ്യാനമെന്ന നിലയിലും ലക്ഷക്കണക്കിന് കൃതികൾ മലയാളത്തിൽ ഉണ്ടായി. പൂമ്പാറ്റ, ബാലൻ, ബാലരമ, ബാലഭൂമി, എന്നിങ്ങനെയുള്ളവ വൻ പ്രചാരം നേടി. മാലി, സുമംഗല, സി.പി പള്ളിപ്പുറം, കുഞ്ഞുണ്ണിമാഷ്,പ്രൊഫ. എസ്.ശിവദാസ്,കെ. വി രാമനാഥൻ,തുടങ്ങിയ ബാലസാഹിത്യകാരന്മാർ വിലയേറിയ സംഭാവനകൾ ആണ് മലയാള ബാലസാഹിത്യത്തിന് നൽകിയത്.

കേരളത്തിലെ ഏറ്റവും ആദരിക്കപ്പെടുന്ന ബാലമാസികയാണ് തളിര. 1995 മുതൽ പ്രസിദ്ധീകരണം തുടങ്ങിയ ഈ മാസിക കേരളത്തിലെ പത്തിനും പതിനെട്ടിനും ഇടയ്ക്ക് വയസ്സുള്ള കുട്ടികൾക്ക് വേണ്ടിയാണ് പ്രസിദ്ധീകരിക്കുന്നത്.

ലോക ക്ലാസിക്കുകളിൽ നിന്ന് കടമെടുത്ത ധാരാളം കഥകളും, കവിതകളും, നോവലുകളും, ബാലസാഹിത്യത്തിൽ ലഭ്യമാണ്.അറബി ഭാഷയിൽ നിന്ന് വിശ്വസാഹിത്യത്തിന് ലഭിച്ച മഹത്തായ ഗ്രന്ഥമാണ് അൽഫ്-ലായ്‌ല-ലായ്‌ല എന്ന പേരിൽ രൂപം കൊണ്ട "ആയിരത്തൊന്നു രാവുകൾ ". ജപ്പാൻ സാഹിത്യത്തിലെ പ്രധാനപ്പെട്ട ഒരു സാഹിത്യ കൃതിയാണ് ഗഞ്ചികഥ . അനേകം കഥകളെ കോർത്തിണക്കി കഥകൾ നിർമ്മിക്കുന്ന രീതി ഇന്ത്യയിലെ സാഹിത്യ സൃഷ്ടികളിൽ ദർശിക്കാവുന്നതാണ്. പഞ്ചതന്ത്രം,കാഡൻബറി കഥകൾ ഡക്കമെറോൺ എന്നിവയെല്ലാം ഈ രീതിയിൽ സമൃദ്ധ ഗോപ ദേശങ്ങളായസാഹിത്യസൃഷ്ടികളാണ്.ഇന്ത്യ,ഗ്രീസ് ജപ്പാൻ, തുടങ്ങിയ വിവിധ രാജ്യങ്ങളിലെ സാഹിത്യസൃഷ്ടികളിൽ ഈ വിധം സാമാന്യത ദർശിക്കാവുന്നതാണ്.

അറിവിന്റെ വാതായനngalb തുറന്നു തന്ന ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ സ്ഥാപകനായ പി.എൻ പണിക്കരെ നന്ദിയോടെ അനുസ്മരിച്ചുകൊണ്ട് നിർത്തുന്നു.

# എന്തുകൊണ്ട് എസ്സ് കെ എം എച്ച് എസ്സ് എസ്സ് ?

## അക്കാദമിക് രംഗം



- മികച്ച അക്കാദമിക് നിലവാരം പുലർത്തുന്ന ക്ലാസ്സുകൾ
- പഠന പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം
- SSLC വിജയത്തിന് പ്രത്യേകം ക്ലാസ്സുകൾ **(Night Class** ഉൾപ്പെടെ**)**
- വിദ്യാർത്ഥികൾ രാവിലെ ഉണരാൻ 'മോണിംഗ് ക്വിസ്സുകൾ'
- സ്കോളർഷിപ്പ് പരീക്ഷകളിൽ ഉൾപ്പെടെ മികച്ച വിജയം
- USS പരീക്ഷാ പരിശീലനങ്ങൾ
- സംസ്കൃതം സ്കോളർഷിപ്പിന് പ്രത്യേക കോച്ചിംഗ്
- മികച്ച വായനയ്ക്ക് മികച്ച സൗകര്യങ്ങളോടു കൂടിയ ലൈബ്രറി
- പൊതുവിജ്ഞാനം വളർത്താൻ GK ക്ലബ്ബ്
- ഇംഗ്ലീഷ് ഭാഷയിലെ ആശയവിനിമയം സുഗമമാക്കാൻ മാസംതോറും വിദേശീയരുമായി അഭിമുഖചർച്ചകൾ



## സ്പോർട്സ്

കേരളത്തിനു വേണ്ടി നാഷണൽ ലെവലിൽ ഗോൾഡ് മെഡൽ ഉൾപ്പെടെ നേടിയ കുട്ടികൾ

വിവിധ കായിക ഇനങ്ങളിൽ രാവിലെയും വൈകുന്നേരവും തീവ്ര പരിശീലനം

വിവിധ കായിക ഇനങ്ങളിൽ ജില്ലാ സംസ്ഥാന ജേതാക്കൾ

ജില്ലയിൽ രണ്ടു കായികാധ്യാപകരുള്ള ഏക സ്കൂൾ.



## ആർട്സ്

- സംസ്ഥാന കലോത്സവത്തിൽ നിറ സാന്നിധ്യവും നിരവധി ജേതാക്കളും
- ജില്ലാ തലത്തിൽ സമ്മാനങ്ങൾ വാരിക്കൂട്ടി കുട്ടികൾ തയ്യാറാക്കുന്ന ഷോർട്ട് ഫിലിമുകൾ
- ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ ട്രെയിനിംഗ് നൽകി വിവിധ പരിപാടികൾ യൂട്യൂബിൽ അപ്‌ലോഡ് ചെയ്യുന്ന മീഡിയ ക്ലബ്ബ്
- സംഗീതപഠനത്തിന് പ്രത്യേക അദ്ധ്യാപിക



## NCC/SPC / LITTLE KITES / JUNIOR RED CROSS/ NSS / ASAP /SCOUT & GUIDE



ജില്ലയിലെ തന്നെ മികച്ച യൂണിറ്റുകൾ

**All India Camp** ൽ മികച്ച പ്രകടനം കാഴ്ചവെക്കുന്നു

പരിസര ശുചീകരണം, അശരണർക്ക് സഹായഹസ്തം , വൃദ്ധജനങ്ങൾക്ക് സഹായം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു.. വീടില്ലാത്ത പാവങ്ങൾക്ക് മുൻഗണനനൽകി വീടു വച്ചു നൽകുന്ന ' പാർക്കാനൊരു ഭവനം 'പദ്ധതി നടപ്പിലാക്കുന്നു




## വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ

ശാസ്ത്ര ഗണിതശാസ്ത്രസാമൂഹ്യ ശാസ്ത്ര ക്ലബ്ബുകൾ/ ഇംഗ്ലീഷ് ക്ലബ്ബ് / ഹിന്ദി മഞ്ച്/സംസ്കൃതം ക്ലബ്ബ് / റോഡ് സേഫ്റ്റി ക്ളബ്ബ്

## സ്കൂളിൽ നടന്നു വരുന്ന ചില തനത് പ്രവർത്തനങ്ങൾ



സംസ്കൃത പ്രദർശിനി

സ്വാപ്പ് ഷോപ്പ് , നാട്ടു രുചിയും നാടൻ ഭക്ഷണവും (ഹരിതസേന )

**Channel Eye** ( യൂട്യൂബ് ചാനൽ ), റോബോട്ടിക് വർക്ക്ഷോപ്പ് (ലിറ്റിൽ കൈറ്റ്സ്) ,സ്കൂൾ തല പ്രവൃത്തിപരിചയശാസ്ത്ര ഗണിത മേളകൾ

ജൈവ വൈവിധ്യ ഉദ്യാനവും അടുക്കളത്തോട്ടവും. പ്ലാസ്റ്റിക് ഹർത്താൽ പോലുള്ള നൂതന പരിപാടികളിലൂടെ പ്ലാസ്റ്റിക്കിനെതിരെ നിരന്തര പോരാട്ടം (ഹരിത സേന..)



സംസ്ഥാന ക്രിക്കറ്റ് ടീം അംഗം

**Why S K M H S S?**

**5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.**

**അന്വേഷണങ്ങൾക്ക്: 944629400, 04812525723**